**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഇ-പോസ് മെഷീനുകളുടെ തകരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഇ-പോസ് മെഷീനുകളുടെ തകരാർ മൂലം റേഷൻ വിതരണം ഇടയ്ക്കിടെ തടസ്സപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെർവറുകളിൽ ഉണ്ടാകുന്ന സാങ്കേതികപ്രശ്നം കാരണം കഴിഞ്ഞ മാസങ്ങളിൽ ചുരുക്കം ചില അവസരങ്ങളിൽ റേഷൻവിതരണത്തിൽ ഭാഗികമായ തടസ്സം നേരിട്ടിരുന്നു.<br><br>ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാധ്യമാകുന്നത് ഓതന്റിക്കേഷൻ യൂസർ ഏജൻസി(AUA), ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി(ASA), UIDAI(ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. സാങ്കേതിക പ്രശ്നങ്ങളില്ലാതെ ഈ സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായി ഒഴിവാക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത തകരാർ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഓതന്റിക്കേഷൻ യൂസർ ഏജൻസി(AUA)യുടെ സെർവറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻവിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സിയുടെ AUA സെർവറുകൾ കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി-യുമായും UIDAI-മായും ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി(ASA), UIDAI(ആധാർ സെർവർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ പ്രസ്തുത സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | റേഷൻവിതരണത്തിൽ ഭാഗികമായി ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി റേഷൻവിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 20 mbps-ൽ നിന്നും 50 mbps ലേക്ക് ഉയർത്തിയിട്ടുണ്ട്. സെർവർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. വിതരണത്തിൽ ഉൾപ്പെടുന്ന എല്ലാ സ്റ്റേക് ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യദിവസങ്ങളിൽ ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ റേഷൻ വിതരണത്തിലെ പ്രശ്നങ്ങളും പുരോഗതിയും നിരീക്ഷിക്കുന്നുണ്ട്.<br><br>ബയോമെടിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്ന പക്ഷം ഒ.ടി.പി നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുകയും ചെയ്തുവരുന്നു. റേഷൻവിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ സംസ്ഥാനത്ത് നിലവിലില്ല. |

സെക്ഷൻ ഓഫീസർ